**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **18-01-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശ ബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാമിഷൻ വഹിച്ച പങ്ക് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കര ണവും അവകാശബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാമിഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭരണഘടനാസാക്ഷരതാ പരിപാടി, 'ഇന്ത്യ എന്ന റിപ്പബ്ലിക്' 'ജനകീയവിദ്യാഭ്യാസപരിപാടി', 'നവോത്ഥാന ത്തിലെ സ്ത്രീമുന്നേറ്റങ്ങൾ' തുടങ്ങിയ കാമ്പയിനുകളിലൂടെ ജനാധിപത്യബോധം ജനങ്ങളിൽ എത്തിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. സാക്ഷരതാ മിഷന്റെ എല്ലാ കാമ്പയിൻ പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് നടപ്പാക്കിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയ ത്വരിതപ്പെട്ടു ത്തുന്നു. |
| (ബി) | സാക്ഷരത രംഗത്തും തുടർവിദ്യാഭ്യാസ മേഖലയിലും കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | സാക്ഷരതാപരിപാടികൾ, തുല്യതാപരിപാടികൾ (നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി), സർട്ടിഫിക്കറ്റ് കോഴ്സുകൾ, സാമൂഹ്യസാക്ഷരതാ പരിപാടികൾ എന്നിവയാണ് സാക്ഷരതാമിഷൻ നടപ്പാക്കിവരുന്ന പ്രധാന പരിപാടികൾ. കൂടാതെ കഴിഞ്ഞ നാല് വർഷങ്ങളായി നൂതന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതികളുടെ പേര് ചുവടെ ചേർക്കുന്നു. അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാപദ്ധതി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പദ്ധതി, സമഗ്ര - ആദിവാസി മേഖലയിൽ സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി, നവചേതന (പട്ടികജാതി കോളനികളിൽ), 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതി, സമന്വയ - ട്രാൻസ്ജൻഡർ പഠിതാക്കൾക്കായി തുടർവിദ്യാഭ്യാസ പദ്ധതി, ചങ്ങാതി - ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതി, അക്ഷരസാഗരം - തീരദേശ |

| | | | |
|---|---|---|---|
| | | | സാക്ഷരതാ പദ്ധതി, അക്ഷരശ്രീ (തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് നടത്തിയ മാതൃകാപദ്ധതി) സമ - കുടുംബശ്രീ പ്രവർത്തകർക്കായുള്ള പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരിപാടി, ആദിശ്രീ - ആറളം ഫാമിലെ നിരക്ഷരത നിർമാർജനപദ്ധതി, ദിശ - കശുവണ്ടി തൊഴിലാളികൾക്കായി പ്രത്യേക സാക്ഷതാ തുല്യതാപദ്ധതി, പരിസ്ഥിതി സാക്ഷരതാ പരിപാടി, ജലസാക്ഷരതാ പരിപാടി, ഭരണഘടനാ സാക്ഷരതാപരിപാടി, ലിംഗസമത്വബോധനം -നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റം കാമ്പയിൻ, തുടർവിദ്യാഭ്യാസ കലോത്സവം, പ്രളയാനന്തരകേരളം എന്ത് ചിന്തിക്കുന്നു പഠനം, കോവിഡ് പ്രതിരോധ ബോധവൽകരണ പരിപാടികൾ, പുരാരേഖ വകുപ്പുമായി ചേർന്ന് പുരാരേഖ സർവേ (പൂർത്തിയായി), അക്ഷരലക്ഷം പദ്ധതി (പൂർത്തിയായി). |
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, അതിഥി തൊഴിലാളികൾ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കായി പ്രത്യേക സാക്ഷരത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷരത നിർമാർജനത്തിനായി നവചേതന പദ്ധതി, 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാപരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, സമഗ്ര, ആദിശ്രീ എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാ പരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. അതിഥി തൊഴിലാളികൾക്കായി 'ചങ്ങാതി' സാക്ഷരതാ പദ്ധതി നടപ്പാക്കിവരുന്നു. ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കായി 'സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്നു. |
| (ഡി) | പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള സമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ട് ചേരിനിവാസികൾക്കായി ആരംഭിച്ച സാക്ഷരത പദ്ധതി വിജയപ്രദമാണോ; കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം മേഖലകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രതിസന്ധി ഉണ്ടായ സാഹചര്യത്തിൽ അത് തുടർവിദ്യാഭ്യാസ പഠനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ചേരിനിവാസികൾക്കുവേണ്ടി പ്രത്യേക സാക്ഷരതാ പദ്ധതികൾ സാക്ഷരതാമിഷൻ ആരംഭിച്ചിട്ടില്ല. എന്നാൽ സാക്ഷരതാമിഷന്റെ വിവിധ പദ്ധതികളിൽ ഈ മേഖലയിൽ ഉള്ളവർ കൂടി പങ്കെടുക്കുന്നുണ്ട്. സാക്ഷരതാ മിഷന്റെ എല്ലാ പ്രവർത്തനങ്ങളും കാമ്പയിൻ സ്വഭാവമുള്ള ജനകീയ സംരംഭങ്ങളാണ്. അതുകൊണ്ട്തന്നെ കോവിഡ് മഹാമാരിമൂലം സമ്പർക്കപഠനക്ലാസുകൾ നിർത്തിവയ്ക്കേണ്ട സാഹചര്യവുമുണ്ടായി. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1351 — 18/01/2021 ൽ മറുപടിയ്ക്ക്

## സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . വി. ടി. ബൽറാം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ<br>ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശ ബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാമിഷൻ വഹിച്ച പങ്ക് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാമിഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭരണഘടനാസാക്ഷരതാപരിപാടി, 'ഇന്ത്യ എന്ന റിപ്പബ്ലിക്' 'ജനകീയവിദ്യാഭ്യാസപരിപാടി', 'നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ' തുടങ്ങിയ കാമ്പയിനുകളിലൂടെ ജനാധിപത്യബോധം ജനങ്ങളിൽ എത്തിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. സാക്ഷരതാ മിഷന്റെ എല്ലാ കാമ്പയിൻ പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് നടപ്പാക്കിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നു. |
| (ബി) സാക്ഷരത രംഗത്തും തുടർവിദ്യാഭ്യാസ മേഖലയിലും കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) സാക്ഷരതാപരിപാടികൾ, തുല്യതാപരിപാടികൾ (നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി), സർട്ടിഫിക്കറ്റ് കോഴ്സുകൾ, സാമൂഹ്യസാക്ഷരതാപരിപാടികൾ എന്നിവയാണ് സാക്ഷരതാമിഷൻ നടപ്പാക്കിവരുന്ന പ്രധാന പരിപാടികൾ. കൂടാതെ കഴിഞ്ഞ നാല് വർഷങ്ങളായി നൂതന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതികളുടെ പേര് ചുവടെ ചേർക്കുന്നു.<br>അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാപദ്ധതി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പദ്ധതി, സമഗ്ര - ആദിവാസി മേഖലയിൽ സാക്ഷരതാ തുടർവിദ്യാ |

ഭ്യാസപദ്ധതി, നവചേതന (പട്ടികജാതി കോളനികളിൽ), 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതി, സമന്വയ - ട്രാൻസ്ജൻഡർ പഠിതാക്കൾക്കായി തുടർവിദ്യാഭ്യാസ പദ്ധതി, ചങ്ങാതി - ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാപദ്ധതി, അക്ഷരസാഗരം - തീരദേശ സാക്ഷരതാപദ്ധതി, അക്ഷരശ്രീ (തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് നടത്തിയ മാതൃകാപദ്ധതി) സമ - കുടുംബശ്രീ പ്രവർത്തകർക്കായുള്ള പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരിപാടി, ആദിശ്രീ - ആറളം ഫാമിലെ നിരക്ഷരത നിർമാർജനപദ്ധതി, ദിശ - കശുവണ്ടി തൊഴിലാളികൾക്കായി പ്രത്യേക സാക്ഷതാ തുല്യതാപദ്ധതി, പരിസ്ഥിതി സാക്ഷരതാ പരിപാടി, ജലസാക്ഷരതാ പരിപാടി, ഭരണഘടനാ സാക്ഷരതാപരിപാടി, ലിംഗസമത്വ ബോധനം -നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റം കാമ്പയിൻ, തുടർവിദ്യാഭ്യാസ കലോത്സവം, പ്രളയാനന്തരകേരളം എന്ത് ചിന്തിക്കുന്നു പഠനം, കോവിഡ് പ്രതിരോധ ബോധവൽകരണ പരിപാടികൾ, പുരാരേഖ വകുപ്പുമായി ചേർന്ന് പുരാരേഖ സർവേ (പൂർത്തിയായി), അക്ഷരലക്ഷം പദ്ധതി (പൂർത്തിയായി).

| | |
|---|---|
| (സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, അതിഥി തൊഴിലാളികൾ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കായി പ്രത്യേക സാക്ഷരത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷരത നിർമാർജനത്തിനായി നവചേതന പദ്ധതി, 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാപരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. പട്ടികവർഗ വിഭാഗങ്ങൾക്കു വേണ്ടി അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, സമഗ്ര, ആദിശ്രീ എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാ പരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. അതിഥി തൊഴിലാളികൾക്കായി 'ചങ്ങാതി' സാക്ഷരതാ പദ്ധതി നടപ്പാക്കിവരുന്നു. ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കായി 'സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്നു. |

| | |
|---|---|
| (ഡി) പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള സമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ട് ചേരിനിവാസികൾക്കായി ആരംഭിച്ച സാക്ഷരത പദ്ധതി വിജയപ്രദമാണോ; കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം മേഖലകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രതിസന്ധി ഉണ്ടായ സാഹചര്യത്തിൽ അത് തുടർവിദ്യാഭ്യാസ പഠനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) ചേരിനിവാസികൾക്കുവേണ്ടി പ്രത്യേക സാക്ഷരതാ പദ്ധതികൾ സാക്ഷരതാ മിഷൻ ആരംഭിച്ചിട്ടില്ല. എന്നാൽ സാക്ഷരതാമിഷന്റെ വിവിധ പദ്ധതികളിൽ ഈ മേഖലയിൽ ഉള്ളവർ കൂടി പങ്കെടുക്കുന്നുണ്ട്. സാക്ഷരതാമിഷന്റെ എല്ലാ പ്രവർത്തനങ്ങളും കാമ്പയിൻ സ്വഭാവമുള്ള ജനകീയ സംരംഭങ്ങളാണ്. അതുകൊണ്ട്തന്നെ കോവിഡ് മഹാമാരിമൂലം സമ്പർക്കപഠനക്ലാസുകൾ നിർത്തിവയ്ക്കേണ്ട സാഹചര്യവുമുണ്ടായി. |

സെക്ഷൻ ഓഫീസർ